# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

കെട്ടിട നിർമ്മാണ ചട്ടങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1518** 15.2.16- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നിലവിലുള്ള ചട്ടപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ടോ; | (എ) | ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C എന്നിവ പ്രകാരം ചില സാഹചര്യങ്ങളിൽ കെട്ടിടങ്ങൾക്ക് ഇളവ് (Exemption) നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ട്. |
| (ബി) | പ്രസ്തുത അധികാരം എന്ന് മുതല്ക്കാണ് നിലവിൽ വന്നത്; | (ബി) | 01-02-2013-ലെ G.O(Ms)No.46/2013/LSGD നമ്പർ ഉത്തരവ് പ്രകാരം 05-02-2013-ലെ 325-)ം നമ്പർ കേരള അസാധാരണ ഗസറ്റിൽ (SRO No.80/2013) പ്രസിദ്ധീകരിച്ച കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കുള്ള ഭേദഗതികളിലും, 10-01-2014-ലെ G.O(Ms)No.10/2014/LSGD നമ്പർ ഉത്തരവ് പ്രകാരം 13-01-2014-ലെ 98-)ം നമ്പർ കേരള അസാധാരണ ഗസറ്റിൽ (SRO No.26/2014) പ്രസിദ്ധീകരിച്ച കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കുള്ള ഭേദഗതികളിലുമാണ് ടി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ചട്ടം ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ? | | പ്രസ്തുത ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്